II- ഇ.ബി. XII- കേരള നിയമസഭ/ VIII-20

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2008 ജൂലായ് 22, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

67(*601) റേഷൻ കടകളിലൂടെ ആട്ട വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) നൽകിയ മറുപടിയിൽ, ഇടുക്കി, വയനാട്, കാസർഗോട് ജില്ലകളിലെ റേഷൻ കാർഡുടമകൾക്ക് 11.50 രൂപ നിരക്കിലും മറ്റു ജില്ലകളിലെ കാർഡുടമകൾക്ക് 11 രൂപ നിരക്കിലും പ്രതിമാസം 1 കിലോഗ്രാം ഫോർട്ടിഫൈഡ് ആട്ട വീതം സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലൂടെയും വിതരണം ചെയ്യാൻ വേണ്ട നടപടികൾ സിവിൽസപ്ളൈസ് കോർപ്പറേഷൻ സ്വീകരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. 2006 സെപ്റ്റംബർ മാസം മുതലാണ് ഈ പദ്ധതി ആരംഭിച്ചത്. 2007 ജൂൺ മാസം മുതൽ പദ്ധതി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും ബാധകമാക്കിയിട്ടുണ്ട്. കേന്ദ്രസർക്കാർ സംസ്ഥാനത്തിന് റേഷൻ വിഹിതമായി അനുവദിക്കുന്ന ഗോതമ്പിന്റെ ഒരു ഭാഗമാണ് ഫോർട്ടിഫൈഡ് ആട്ടയാക്കി റേഷൻ കടകളി

ലൂടെ വിതരണം നടത്തുന്നത്. ഫോർട്ടിഫൈഡ് ആട്ട ഉൽപ്പാദിപ്പിക്കുന്ന മില്ലുകളിലും വിതരണം ചെയ്യുന്ന സപ്ലൈകോ ഡിപ്പോകളിലും ആട്ടയുടെ സാമ്പിളുകൾ ലാബ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പ് വരുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഉപഭോക്താക്കളുടെ ആവശ്യം കണക്കിലെടുത്ത് റേഷൻ കടകളിലൂടെ കൂടുതൽ ആട്ട വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്. എസൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് ഇപ്പോൾ ദുർബ്ബലപ്പെടുത്തിയെങ്കിലും ആ നിയമത്തിലെ ചില വകുപ്പുകൾ സംസ്ഥാന ഗവണ്മെന്റിന് ഇപ്പോഴും നടപ്പാക്കാൻ കഴിയുന്നതാണ്. ഗോതമ്പിന്റെ വരവ് കുറഞ്ഞതുമായി ബന്ധപ്പെട്ട തടസ്സം നീക്കുന്നതിനാവശ്യമായ നിർദ്ദേശം സിവിൽ സപ്ളൈസ് കോർപ്പറേഷന് കൊടുത്തിട്ടുണ്ട്. കേന്ദ്ര ഗവണ്മെന്റ് അനുവദിക്കുന്ന 1,30,000 മെട്രിക് ടൺ ഗോതമ്പിൽ നിന്ന് 5,000 മെട്രിക് ടൺ ആട്ടയാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഗോതമ്പ് ആട്ടയാക്കുന്ന കാര്യത്തിൽ 5,000 മെട്രിക് ടണ്ണിൽക്കൂടുതൽ ഡൈവെർഷൻ പാടില്ലെന്നും റേഷൻ കടകൾ വഴിയല്ലാതെ സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ വഴി ആട്ട വിതരണം ചെയ്യാൻ പാടില്ലെന്നുമുള്ളതാണ് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം. ഇപ്പോൾ സ്വകാര്യമില്ലുകളിൽ കൊടുത്താണ് ഗോതമ്പ് ആട്ടയാക്കുന്നത്. സിവിൽ സപ്ളൈസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ തിരുവല്ലയിൽ ഒരു ഫ്ളവർ മിൽ ആരംഭിച്ച് ഗോതമ്പ് പൊടിച്ച് ആട്ടയാക്കി റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനുള്ള ഒരു പ്രോജക്ടിനെ സംബന്ധിച്ച് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്രം തരുന്ന ഗോതമ്പിന്റെ ക്വാട്ട വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗോതമ്പിന്റെ വരവിൽ കുറച്ച് വർദ്ധനവുണ്ടായിട്ടുണ്ട്. ഇപ്പോൾ ഗോതമ്പിന്

ക്ഷാമം ഇല്ല. പൊതുകമ്പോളത്തിൽ 20 രൂപ വിലയുള്ള ആട്ട റേഷൻ കടകൾ 11 രൂപയ്ക്കാണ് വിതരണം ചെയ്യുന്നത്. എ.പി.എൽ/ബി.പി.എൽ. വിഭാഗ ങ്ങൾക്ക് ഒരേ വിലയ്ക്കാണ് ആട്ട വിതരണം ചെയ്യുന്നത് ഓപ്പൺ മാർക്കറ്റി ലേയ്ക്ക് ഗോതമ്പ് അലോട്ട് ചെയ്തിട്ടില്ല. സഞ്ചരിക്കുന്ന മാവേലി സ്റ്റോറു കൾ പത്തെണ്ണം ഹരിജൻ, ആദിവാസി കോളനികളുൾപ്പെട്ട റിമോട്ട് ഏരി യാകളിലും അത്യാവശ്യം ചില സന്ദർഭങ്ങളിൽ നഗരങ്ങളിലും പ്രവർത്തിക്കു ന്നുണ്ട്. വാഹനത്തിനാവശ്യമായ മൂലധനം മുടക്കാൻ കഴിയാത്തതുകൊണ്ട് കൂടുതൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ തുടങ്ങാൻ കഴിയുന്നില്ല. എം. എൽ.എ-മാർ അവരവരുടെ മണ്ഡലത്തിൽ വാഹനം ഏർപ്പാട് ചെയ്യുകയാ ണെങ്കിൽ കൂടുതൽ സഞ്ചരിക്കുന്ന മാവേലിസ്റ്റോറുകൾ തുടങ്ങുന്നതിനെക്കു റിച്ച് ആലോചിക്കുന്നതാണ്. ആയിരം റേഷൻ കടകൾ ശബരി സ്റ്റോറുക ളായി കൺവെർട്ട് ചെയ്തിട്ടുണ്ട്. 500 എണ്ണം കൂടി കൺവെർട്ട് ചെയ്യാനുള്ള നടപടി എടുത്തുകൊണ്ടിരിക്കുകയാണ്. ശബരി സ്റ്റോറുകൾ വഴി കൂടുതൽ നിത്യോപയോഗ സാധനങ്ങൾ നൽകാനുള്ള ശ്രമമാണ് നടത്തുന്നത്. ഓണ ക്കാലത്ത് വിലക്കയറ്റം തടയാനുള്ള നടപടിയുടെ ഭാഗമായി ബഫർ സ്റ്റോക്ക് എടുത്തിട്ടുണ്ട്. കൂടാതെ ഓണം ബസാറുകളും ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നയത്തിൽ മാറ്റം വന്നാൽ മാത്രമേ സിവിൽ സപ്ളൈസ് ഡിപ്പാർട്ട്മെന്റ് വഴി ഫുഡ് ഫോർ വർക്ക് സ്കീമിൽപ്പെടുത്തി സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. റംസാൻ സ്പെഷ്യൽ ബസാറുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്. റേഷൻകടകളുടെ നവീകരണ ത്തിനായി കേന്ദ്ര ഗവണ്മെന്റിൽ സമർപ്പിച്ച പദ്ധതി ഇതുവരെ അംഗീകരിച്ചിട്ടി ല്ല; എന്നാൽ ഇത്തവണത്തെ ബഡ്ജറ്റിൽ റേഷൻ കടകൾ ആധുനികവൽക്ക

രിക്കാനുള്ള തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ കടകൾ അനുവദിക്കണമെന്ന ആവശ്യം വന്നിട്ടുണ്ട്. നിലവിലുള്ള നോംസ് അനുസരിച്ച് മിനിമം 400 റേഷൻ കാർഡുകൾ ഉണ്ടെങ്കിൽ മാത്രമേ ഒരു റേഷൻകട അനുവദിക്കാൻ സാധിക്കുകയുള്ളൂ. എ.പി.എൽ. വിഭാഗത്തിനുള്ള അരി കേന്ദ്രം വെട്ടിക്കുറച്ചതിന്റെ ഫലമായി മൂന്നു കിലോ അരി വീതമാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്. എഫ്.സി.ഐ.-യുമായി നെഗോഷിയേറ്റ് ചെയ്ത് ഒരു മാസത്തെ അഡ്വാൻസ് എടുത്ത് 10 കിലോഗ്രാം വീതം കൊടുക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അഗ്മാർക്ക് ഇല്ലാത്ത ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ മാവേലി സ്റ്റോറുകൾ വഴി വിതരണം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അത്തരം സാധനങ്ങൾ റീപ്ളേസ് ചെയ്യാൻ ആവശ്യപ്പെട്ടിട്ടുണ്ട്. റേഷൻകടകൾ വഴി വിതരണം ചെയ്യേണ്ട ഭക്ഷ്യവസ്തുക്കൾ സംസ്ഥാനഗവണ്മെന്റിന്റെ ഉടമസ്ഥതയിലുള്ള വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളിൽത്തന്നെ സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

68 (*602) <u>റിട്ടയർമെന്റ് പ്രായം ഉയർത്താൻ നടപടി.</u>

മുഖ്യമന്ത്രിക്കുവേണ്ടി, ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) നൽകിയ മറുപടിയിൽ, കേന്ദ്രത്തിലും മറ്റു സംസ്ഥാനങ്ങളിലും സർക്കാർ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്യുന്ന പ്രായം എത്രയെന്ന് അന്വേഷിച്ചിട്ടുണ്ടെന്നും കേരളത്തിലും ജമ്മു കാശ്മീരിലുമാണ് ഏറ്റവും കുറഞ്ഞ റിട്ടയർമെന്റ് പ്രായം (55 വയസ്സ്) ഉള്ളതെന്നും അത് വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ലെന്നും സഭയെ അറിയിച്ചു. റിട്ടയർമെന്റ് പ്രായം 55 വയസ്സ് എന്നുള്ളത് കഴിഞ്ഞ

കുറേ വർഷക്കാലമായി സംസ്ഥാനത്ത് തുടർന്നുവരുന്ന സംവിധാനമാണ്. കേരളത്തിലെ അഭ്യസ്തവിദ്യർക്കിടയിലുള്ള തൊഴിലില്ലായ്മ കണക്കിലെടുത്ത് യുവജനസംഘടനകൾ പെൻഷൻപ്രായം വർദ്ധിപ്പിക്കുന്നതിനെതിരായി ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല, ഒരു രാഷ്ട്രീയ പാർട്ടിയും പെൻഷൻ പ്രായം ഉയർത്തണമെന്ന ആവശ്യം ഉന്നയിച്ചിട്ടില്ല. ഒരഭിപ്രായ സമന്വയമില്ലാതെ പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കില്ല. ജുഡീഷ്യൽ സർവ്വീസ്, വിജിലൻസ് ട്രിബ്യൂണൽ, ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ തുടങ്ങിയ ചില പ്രത്യേക മേഖലകളിൽ പെൻഷൻ പ്രായം 60 വയസ്സായും 58 വയസ്സായും നിജപ്പെടുത്തിയിട്ടുണ്ട്. മെഡിക്കൽ എഡ്യൂക്കേഷൻ രംഗത്ത് ഫാക്കൽറ്റീസ് കുറവായതിനെത്തുടർന്ന് സൂപ്പർ സ്പെഷ്യാലിറ്റിയുമായി ബന്ധപ്പെട്ട പ്രൊഫസർ തസ്തികകളിൽ റിട്ടയർ ചെയ്തവർക്ക് മൂന്നു വർഷം കൂടി കാലാവധി നീട്ടിക്കൊടുക്കാൻ തീരുമാനിച്ചുവെങ്കിലും പിന്നീടുണ്ടായ ചില പ്രശ്നങ്ങളെത്തുടർന്ന് ആ തീരുമാനം പിൻവലിക്കുകയാണുണ്ടായതെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി വ്യക്തമാക്കി.

69( * 603) <u>ചെറുകിട മൽസ്യബന്ധന തുറമുഖങ്ങൾ</u>

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) നൽകിയ മറുപടിയിൽ, മൽസ്യമേഖലയിൽ കൂടുതൽ ചെറുകിട മൽസ്യബന്ധന തുറമുഖങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. മഞ്ചേശ്വരം, കാസർഗോഡ്, ചെറുവത്തൂർ, വെള്ളയിൽ, പരപ്പനങ്ങാടി, താനൂർ, ചേറ്റുവ, ചെല്ലാനം, അർത്തുങ്കൽ, ചെത്തി, ചിലക്കൂർ, വലിയതുറ എന്നിവിടങ്ങളിൽ മത്സ്യബന്ധന തുറമുഖങ്ങൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

ഇതിൽ കാസർഗോഡ്, ചെറുവത്തൂർ, ചേറ്റുവ എന്നീ മൽസ്യബന്ധനതുറമുഖ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ പരിഗണനയിലാണ്. മറ്റുള്ളവയുടെ അന്വേഷണ ഗവേഷണങ്ങൾ പുരോഗമിക്കുന്നു. വിഴിഞ്ഞം, മുതലപ്പൊഴി, തോട്ടപ്പള്ളി, പൊന്നാനി, കൊയിലാണ്ടി, തലായി, അർത്തുങ്കൽ (ഒന്നാം ഘട്ടം), ചെത്തി (ഒന്നാം ഘട്ടം), ചെല്ലാനം (ഒന്നാം ഘട്ടം) എന്നിവയാണ് ഇപ്പോൾ പണി നടന്നുകൊണ്ടിരിക്കുന്ന മത്സ്യബന്ധനതുറമുഖങ്ങൾ. വിഴി ഞ്ഞം, മുതലപ്പൊഴി എന്നിവയുടെ പണി ഏറെക്കുറെ പൂർത്തിയായിട്ടുണ്ട്. മറ്റുള്ളവയുടെ പണി പുരോഗമിക്കുന്നു. മത്സ്യോൽപ്പാദനം വർദ്ധിക്കുക, മത്സ്യവിപണനം ത്വരിതപ്പെടുത്തുക, മത്സ്യത്തിന്റെ ഗുണനിലവാരം മെച്ചപ്പെ ടുത്തുക, മത്സ്യബന്ധന യാനങ്ങൾക്ക് സുരക്ഷിതമായി കരയ്ക്കടുക്കാൻ സാധിക്കുക, മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽദിനങ്ങൾ ലഭ്യമാക്കുക, മത്സ്യബന്ധനത്തിനുള്ള ചെലവ് കുറച്ച് വരുമാനം വർദ്ധി പ്പിക്കുക എന്നിവയാണ് ഈ തുറമുഖങ്ങൾ ആരംഭിക്കുന്നതിലൂടെ മൽസ്യ ത്തൊഴിലാളികൾക്കുണ്ടാകുന്ന നേട്ടങ്ങൾ. കോഴിക്കോട് വെള്ളയിൽ മിനി ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക പഠനം കഴിഞ്ഞു. ആ തുറമുഖത്തിന്റെ പണി അതിവേഗത്തിൽ പൂർത്തീകരിക്കുന്നതിന് ബന്ധ പ്പെട്ട വകുപ്പിന് നിർദ്ദേശം കൊടുക്കുന്നതാണ്. ബേപ്പൂർ ഫിഷിംഗ് ഹാർബർ യൂറോപ്യൻ നിലവാരത്തിൽ ആക്കുന്നതിനുള്ള പണികളുടെ ടെണ്ടർ നടപടി കൾ പൂർത്തീകരിക്കുകയും പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. മഞ്ചേശ്വരം ഫിഷിംഗ് ഹാർബറിന്റെ ഗവേഷണ നടപടികൾ പൂർത്തിയായിട്ടില്ല. കാസർകോട് അജാനൂർ ചിറ്റാരിക്കടവിൽ ഹാർബർ സ്ഥാപിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതിനുവേണ്ടി ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റിനോട് നിർദ്ദേശിച്ചിട്ടുണ്ട്. കേരള

ത്തിലെ മൽസ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനും പൂർത്തീകരിക്കാത്ത തുറമുഖങ്ങളുടെ പണി പൂർത്തീകരിക്കുന്നതിനും പുതിയവ ആരംഭിക്കാനുമായി സാധ്യതാപഠനം നടത്തുന്നതിനും തീരപ്രദേശങ്ങളുടേയും ഫിഷ് ലാൻഡിംഗ് സെന്ററുകളുടേയും വികസന പദ്ധതികൾ ഏകീകരിച്ചുകൊണ്ട് ഒരു പാക്കേജിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ വികസന കോർപ്പറേഷൻ ആഗസ്റ്റ് മാസത്തോടുകൂടി പ്രാബല്യത്തിൽ കൊണ്ടുവരാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. കൊയിലാണ്ടി ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉയർന്ന നിലവാരത്തിലുള്ള ഹാർബറാക്കി മാറ്റാനുള്ള പ്രവർത്തനങ്ങളാണ് സ്വീകരിക്കുന്നത്. തിക്കോടി ഫിഷ് ലാൻഡിംഗ് സെന്ററിലെ പുലിമുട്ടിന്റെ നീളം കൂട്ടുന്നതിന് സാങ്കേതിക പഠനം ആവശ്യമാണ്. അതിനായി ഹാർബർ എൻജിനീയറിംഗ് ഡിപ്പാർട്ട്മെന്റിന് നിർദ്ദേശം കൊടുക്കുന്നതാണ്. ചെല്ലാനം പദ്ധതിയുടെ ഒന്നാം ഘട്ടം, വരുന്ന രണ്ടു വർഷത്തിനുള്ളിൽ പൂർത്തീകരിക്കുകയും ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിനുമുമ്പ് രണ്ടാം ഘട്ട നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്. സെൻട്രലി സ്പോൺസേർഡ് സ്കീമിന്റെ ഭാഗമായി ആരംഭിക്കുന്ന കാസർകോട് ഫിഷിംഗ് ഹാർബറിന്റെ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചു. ഈ തുറമുഖ നിർമ്മാണത്തിന് ക്ളിയറൻസ് നൽകേണ്ടത് കേന്ദ്ര കൃഷിവകുപ്പു സെക്രട്ടറി, ഫിനാൻസ് സെക്രട്ടറി, പോർട്ട് സെക്രട്ടറി എന്നിവരടങ്ങിയ സമിതിയാണ്; ക്ളിയറൻസ് താമസിയാതെ കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. പ്രസ്തുത ഹാർബറിന്റെ പണി നീണ്ടുപോകുന്ന സാഹചര്യം ഉണ്ടായാൽ ആർ.കെ.വി. പദ്ധതിയുടെ ഭാഗമായിട്ട് ഫിഷറീസ് സെക്ടറിന് അനുവദിക്കപ്പെടുന്ന വിഹിതം ഇതിലേയ്ക്കായി വിനിയോഗിച്ചോ തീരദേശ വികസന കോർപ്പറേഷന്റെ ഭാഗമായിട്ടോ പദ്ധതി ഏറ്റെടുത്ത് ഈ സാമ്പ

ത്തികവർഷം തന്നെ തുറമുഖത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. ചെറുവത്തൂർ ഫിഷ്ലാന്റിംഗ് സെന്ററിൽ ഡ്രെഡ്ജിംഗ് നടത്തി ആഴം കൂട്ടുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എല്ലാ ഹാർബറുകളെയും ബന്ധപ്പെടുത്തിക്കൊണ്ട് ഡ്രെഡ്ജിംഗ് നടപടികൾക്ക് തുടക്കം കുറിക്കുന്നതാണ്. അക്കൂട്ടത്തിൽ ചേറ്റുവയുടെ കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്. കണ്ണൂരിലെ മാപ്പിളബേ ഫിഷിംഗ് ഹാർബറിൽ മാസ്റ്റർ ഡ്രെഡ്ജിംഗ് നടത്തി മണ്ണ് നീക്കം ചെയ്ത് ഹാർബറിലെ തൊളിലാളികൾക്ക് സുരക്ഷിതത്വം ഉറപ്പുവരുത്താനും അതിനായി ടി.ആർ.പി. പദ്ധതിയിൽ 3 കോടി രൂപ ഉൾക്കൊള്ളിക്കാനും തീരുമാനിച്ചിട്ടുണ്ട്. പൂന്തുറയിലെ പുലിമുട്ട് നിർമ്മാണം സംബന്ധിച്ച് റവന്യൂ, ഇറിഗേഷൻ, ഫിഷറീസ് എന്നീ വകുപ്പുമന്ത്രിമാർ ചേർന്ന് ഒരു മീറ്റിംഗ് വിളിച്ച് തീരുമാനമെടുക്കുന്നതാണ്. വലിയതുറ ഫിഷിംഗ് ഹാർബർ നിർമ്മാണം സംബന്ധിച്ച് നടക്കുന്ന പഠനം പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്. കായംകുളം ഫിഷിംഗ് ഹാർബറിൽ കെ.എം.എം.എൽ. ഡ്രെഡ്ജിംഗ് നടത്താനായി മുന്നോട്ടുവന്നിട്ടുണ്ട്. ആറാട്ടുപുഴ പ്രദേശത്ത് ലേല ഹാൾ, റിക്ളമേഷൻ ബേ, വാർഫ് എന്നിവയുടെ പണി ആരംഭിക്കാനുളള ടെണ്ടർ നടപടിക്കായി എസ്റ്റിമേറ്റ് പ്രിപ്പയർ ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. മൽസ്യത്തൊഴിലാളികൾക്കാവശ്യമായ വല നിർമ്മിക്കുന്നതിനായി മലബാറിൽ ഒരു നെറ്റ് ഫാക്ടറി മൽസ്യഫെഡിന്റെ ആഭിമുഖ്യത്തിൽ ഈ സാമ്പത്തിക വർഷം പ്രവർത്തനം ആരംഭിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

70 (*604) <u>പീപ്പിൾസ് ബസാറുകളുടെ പ്രവർത്തനം.</u>

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സിവിൽ സപ്ളൈസ് കോർപ്പറേഷൻ ആരംഭിച്ചിട്ടുള്ള പീപ്പിൾസ് ബസാറുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടെന്നും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിൽ ലഭ്യമല്ലാത്ത പച്ചക്കറി, മാംസം ഉൾപ്പെടെയുള്ള മിൽമ ഉൽപ്പന്നങ്ങൾ എന്നിവ പീപ്പിൾസ് ബസാർ വഴി വിതരണം നടത്തുന്നുണ്ടെന്നും സഭയെ അറിയിച്ചു. മൂന്ന് പീപ്പിൾസ് ബസാറുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷം ഏഴ് ജില്ലകളിൽക്കൂടി പീപ്പിൾസ് ബസാറുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഓണക്കാലം മുന്നിൽക്കണ്ട് ബസാറിലേയ്ക്ക് ആവശ്യമായ സാധനങ്ങളുടെ ശേഖരണത്തിനും പച്ചക്കറിപോലുള്ള സാധനങ്ങൾ കൂടുതൽ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട് വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സഹയകരമായ പീപ്പിൾസ് ബസാറുകളെ ജനങ്ങൾ സ്വാഗതം ചെയ്തിട്ടുണ്ട്. പീപ്പിൾസ് ബസാറുകളിൽ വിൽക്കുന്ന സാധനങ്ങൾ വികേന്ദ്രീകൃതാടിസ്ഥാനത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, അയൽക്കൂട്ടങ്ങൾ എന്നിവ വഴി വിതരണം ചെയ്യുന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണെന്ന് ഒരു ഉപചോദ്യത്തിനുത്തരമായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട 605 മുതൽ 630 വരെയുള്ള ( 26) ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4928 മുതൽ 5094 വരെയുള്ള ചോദ്യങ്ങളിൽ 115എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)